# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

### ദൂത് ഇരുപത്തിരണ്ട്

## ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയുള്ള കുഞ്ഞാടിന്റെ ഏഴു കണ്ണുകൾ

Tue വെളിപ്പാട് 5 അനുസരിച്ച്, അറുക്കപ്പെട്ട കുഞ്ഞാടായ ക്രിസ്തു യോഗ്യനാണെന്ന് അനേകം ക്രിസ്ത്യാനികൾ മനസ്സിലാക്കുകയും, അവന്റെ യോഗ്യതയ്ക്കായി നിരവധി ക്രിസ്തീയഗീതങ്ങൾ കർത്താവിനെ സ്തുതിക്കുകയും ചെയ്യുന്നു. എന്നാൽ കുഞ്ഞാടിന്റെ യോഗ്യതയെ സംബന്ധിച്ച മിക്കവാറും ഗീതങ്ങൾ അവന്റെ വീണ്ടെടുപ്പു നിമിത്തം യോഗ്യനായിരിക്കുന്നതിനുവേണ്ടി ക്രിസ്തുവിനെ സ്തുതിക്കുന്നതാണ്. വീണ്ടെടുപ്പിനപ്പുറമായി പോകുന്ന കർത്താവിന്റെ യോഗ്യതയെ സംബന്ധിച്ച് ഒരു ഗീതം കണ്ടെത്തുക പ്രയാസമാണ്. അവൻ നമ്മെ വീണ്ടെടുക്കുകയും വിലയ്ക്കു വാങ്ങുകയും ചെയ്തിരിക്കുന്നതുകൊണ്ട് കുഞ്ഞാട് യോഗ്യനാണെന്നു പറയുന്നത് തികച്ചും തിരുവെഴുത്തിൻ പ്രകാരമാണ്. എങ്കിലും, വെളിപ്പാട് 5 അനുസരിച്ച്, കുഞ്ഞാടിന്റെ യോഗ്യത മുഖ്യമായും അവന്റെ വീണ്ടെടുപ്പു നിമിത്തമല്ല, പിന്നെയോ ദൈവത്തിന്റെ വ്യവസ്ഥയുടെ രഹസ്യം തുറക്കുവാൻ അവൻ പ്രാപ്തനായതു നിമിത്തമാണ്. അവൻ ശത്രുവിനെ പരാജയപ്പെടുത്തുകയും നമ്മെ വീണ്ടെടുക്കുകയും ചെയ്തതുകൊണ്ട് ദൈവത്തിന്റെ വ്യവസ്ഥയുടെ മുദ്രകൾ തുറക്കുവാൻ ക്രിസ്തു യോഗ്യനാണ്. ദൈവത്തിന്റെ അധികാരത്തെ ഭൂമിയിലേക്കു കൊണ്ടുവന്നവൻ എന്ന നിലയിൽ അവൻ ജയശാലിയും, യെഹൂദാഗോത്രത്തിലെ ജയിക്കുന്ന സിംഹവും, ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തിനുവേണ്ടി പൂർണ്ണവീണ്ടെടുപ്പ് നിവർത്തിച്ചവനും ആണ്. അതുകൊണ്ട്, അവൻ ദൈവത്തിന്റെ വ്യവസ്ഥയുടെ മർമ്മം തുറക്കുവാൻ പൂർണ്ണ യോഗ്യതയുള്ളവനും യഥാസ്ഥാനത്തു നിൽക്കുന്നവനും ആണ്. ഇത് വെളിപ്പാട് അഞ്ചാം അധ്യായത്തിലെ നിർണ്ണായകമായ കാര്യങ്ങളിൽ ഒന്നാണ്.

### ഏഴു കണ്ണുകളും, ഏഴു വിളക്കുകളും, ഏഴ് ആത്മാക്കളും

വെളിപ്പാട് 5-ലെ മറ്റൊരു മുഖ്യകാര്യം സിംഹ-കുഞ്ഞാടായ ക്രിസ്തുവിന് "ഏഴ് ആത്മാക്കളായ, ഏഴു കണ്ണുകളും ഉണ്ട്"

എന്നതാണ് (വാ. 6). ഈ ഏഴു കണ്ണുകൾ ദൈവത്തിന്റെ സിംഹാസനത്തിന്റെ മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഏഴു ദീപങ്ങളും ആണ് (4:5). ഇക്കാരണത്താൽ, ഈ അധ്യായങ്ങളിൽ നമുക്ക് ഏഴു ദീപങ്ങളും, ഏഴു കണ്ണുകളും, ഏഴ് ആത്മാക്കളും ഉണ്ട്. വേദപുസ്തകത്തിൽ വെളിപ്പാട് പുസ്തകം മാത്രമാണ് ഏഴ് ആത്മാക്കളെക്കുറിച്ചു പരാമർശിക്കുന്നത്. എന്നാൽ ഇവിടെ ഈ ഏഴ് ആത്മാക്കൾ ക്രിസ്തുവിന്റെ ഏഴു കണ്ണുകളാണെന്നും, ക്രിസ്തുവിന്റെ ഏഴു കണ്ണുകൾ ദൈവസിംഹാസനത്തിന്റെ മുമ്പിലുള്ള ഏഴു ദീപങ്ങളാണെന്നും നാം കാണുന്നു.

ഏഴു വിളക്കുകളുടെ ആദ്യത്തെ പ്രസ്താവം പുറപ്പാട് 25-ലാണ്; അവിടെ ഒരു നിലവിളക്കിൽ ഏഴു ദീപങ്ങൾ നാം കാണുന്നു. നമുക്ക് പുറപ്പാട് 25 മാത്രം ഉണ്ടായിരുന്നുവെങ്കിൽ നിലവിളക്കിന്റെയും അതിലെ ഏഴു ദീപങ്ങളുടെയും അർഥം നാം അറിയുമായിരുന്നില്ല. നമ്മുടെ മാനുഷിക ബുദ്ധിയനുസരിച്ച് ഏഴു ദീപങ്ങൾ വെളിച്ചത്തിന്റെ തീവ്രതയ്ക്കുമാത്രം വേണ്ടിയാണെന്ന് നാം പറയും. ഇത് ശരിയും യുക്തവും ആണെങ്കിലും ഏഴു ദീപങ്ങളുടെ പ്രാധാന്യം ഇതിനെക്കാൾ വളരെ ആഴമുള്ളതാണ്. എന്തുകൊണ്ട് നിലവിളക്കിന് ആറോ എട്ടോ ദീപങ്ങളില്ല? സെഖര്യാവിൽ ഏഴു ദീപങ്ങളെ സംബന്ധിച്ച് മറ്റു ചിലതുകൂടി നാം കാണുന്നു, കാരണം സെഖര്യാവ് 3-ലും 4-ലും ഏഴു ദീപങ്ങൾ ഏഴു കണ്ണുകളാണെന്നു നാം കാണുന്നു (സെഖ. 3:9; 4:2, 10). സെഖര്യാവ് 4:10 കർത്താവിന്റെ ഏഴു കണ്ണുകളെക്കുറിച്ച് സംസാരിക്കുന്നുവെങ്കിലും, കണ്ണുകളും, ദീപങ്ങളും, ആത്മാവും തമ്മിലുള്ള ബന്ധം വ്യക്തമാക്കപ്പെട്ടിട്ടില്ല. അങ്ങനെ, നാം ഏഴു ദീപങ്ങളെയും, ഏഴു കണ്ണുകളെയും, ഏഴു ആത്മാക്കളെയും കാണുന്ന വെളിപ്പാട് പുസ്തകത്തിലേക്ക് മുമ്പോട്ട് പോകേണ്ടത് ആവശ്യമാകുന്നു. നാം പുറപ്പാട് മുതൽ സെഖര്യാവിലൂടെ വെളിപ്പാടിലേക്കുള്ള പുരോഗമനം കാണേണ്ടത് ആവശ്യമാണ്. പുറപ്പാടിൽ നമുക്ക് ഏഴു വിളക്കുകളും, സെഖര്യാവിൽ നമുക്ക് ഏഴു കണ്ണുകളും, വെളിപ്പാടിൽ നമുക്ക് ഏഴ് ആത്മാക്കളും ഉണ്ട്. പുറപ്പാടിൽ ഏഴു വിളക്കുകളെക്കുറിച്ച് പരാമർശിച്ചിരിക്കുന്നുവെങ്കിലും, കണ്ണുകളെക്കുറിച്ചോ ആത്മാക്കളെക്കുറിച്ചോ ഒന്നും പറഞ്ഞിട്ടില്ല. സെഖര്യാവിൽ നമുക്ക് ഏഴു വിളക്കുകളും ഏഴു കണ്ണുകളും, ആത്മാവിന്റെ അവ്യക്തമായ ഒരു പരാമർശവും ഉണ്ട്. എന്നാൽ വെളിപ്പാടിൽ നമുക്ക് ഏഴു വിളക്കുകളും, ഏഴു കണ്ണുകളും, ഏഴ് ആത്മാക്കളും ഉണ്ട്.

എട്ടാമത്തെ ദൂതിൽ ചൂണ്ടിക്കാണിച്ചതുപോലെ നിലവിളക്ക് ത്രിയേകദൈവത്തിന്റെ ഒരു ചിഹ്നമാണ്. പൊന്ന് പിതാവിന്റെ ദിവ്യസത്തയെ സൂചിപ്പിക്കുകയും, പൊന്നിന്റെ ദേഹരൂപമായ വിളക്കുതണ്ട് പിതാവിന്റെ ദേഹരൂപമായ ക്രിസ്തുവിനെ സൂചിപ്പിക്കുകയും, ഏഴു വിളക്കുകൾ പിതാവിന്റെ ദേഹരൂപമായ

ക്രിസ്തുവിന്റെ ആവിഷ്കാരമായ ആത്മാവിനെ സൂചിപ്പിക്കുകയും ചെയ്യുന്നു. അതുകൊണ്ട്, നമുക്ക് സത്തയായ പിതാവും (പൊന്ന്), ദേഹരൂപമായ പുത്രനും (വിളക്കുതണ്ട്), ആവിഷ്കാരമായ ആത്മാവും (വിളക്കുകൾ) ഉണ്ട്. നമുക്ക് സത്തയും, ദേഹരൂപവും, ആവിഷ്കാരവും ഉണ്ട്. പുറപ്പാടിൽ ഏഴു വിളക്കുകൾ ദൈവത്തിന്റെ ഏഴ് ആത്മാക്കളാണെന്ന് നമുക്കു കാണുവാൻ കഴിയുന്നില്ല. ഇതു കാണണമെങ്കിൽ നാം സെഖര്യാവിലേക്കും അവസാനം വെളിപ്പാടിലേക്കും പോകണം. ദിവ്യവെളിപാടിന്റെ പ്രത്യുദ്ധാരമെന്ന നിലയിൽ ഇത് തികച്ചും നൂതനമാണ്.

## ദൈവത്തിന്റെ കെട്ടിടം

പുറപ്പാട് 25-ലെ വിളക്കുകൾ കൂടാരത്തിന്റെ കെട്ടുപണിക്കു വേണ്ടിയായിരുന്നു, പ്രത്യേകിച്ചും കൂടാരത്തിലെ നീക്കത്തിനു വേണ്ടിയായിരുന്നു. വെളിച്ചമില്ലാതെ, നീങ്ങുവാൻ അസാധ്യമാണ്. വെളിച്ചം നീക്കത്തിനു വേണ്ടിയും, നീക്കം ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയും ആണ്. അതുകൊണ്ട്, ഏഴു വിളക്കുകൾ ഭൂമിയിൽ ദൈവത്തിന്റെ വാസസ്ഥലമായ കൂടാരത്തിന്റെ കെട്ടുപണിക്കു വേണ്ടിയാണ്.

സെഖര്യാവ് 3-ലും 4-ലും ഉള്ള ഏഴു വിളക്കുകൾ ദൈവത്തിന്റെ കെട്ടിടത്തിന്റെ പ്രത്യുദ്ധാരത്തിനു വേണ്ടിയാണ്. കൂടാരത്തിന്റെ നിർമ്മാണത്തിലെന്നപോലെ ആലയത്തിന്റെ പുനർനിർമ്മാണത്തിലും തത്ത്വം ഒന്നുതന്നെയാണ്. വെളിപ്പാട് പുസ്തകത്തിന്റെ കാര്യത്തിലും അങ്ങനെതന്നെയാണ്. ഹ്രസ്വദൃഷ്ടിയുള്ള വീക്ഷണത്തോടുകൂടെ നാം ഈ പുസ്തകത്തെ സമീപിക്കുന്നുവെങ്കിൽ കുഞ്ഞാടിന്റെ ഏഴു കണ്ണുകളായ ഏഴ് ആത്മാക്കളും, ദൈവത്തിന്റെ സിംഹാസനത്തിന്റെ മുമ്പിലുള്ള ഏഴു ദീപങ്ങളും ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയാണെന്ന് കാണുവാൻ നമുക്കു കഴിയുകയില്ല. എന്നാൽ നമുക്ക് ഒരു ആകമാന വീക്ഷണം ഉണ്ടെങ്കിൽ, ഏഴ് ആത്മാക്കൾ തികച്ചും ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയാണെന്ന് നാം കാണും. വെളിപ്പാട് പുസ്തകം ഏഴു സ്ഥലംസഭകളോടുകൂടെ ആരംഭിക്കുകയും പുതിയ യെരൂശലേമോടുകൂടെ അവസാനിക്കുകയും ചെയ്യുന്നു. ഈ പുസ്തകത്തിൽ ദൈവത്തിന്റെ ന്യായവിധി അടങ്ങയിട്ടുണ്ടെങ്കിലും ഈ ന്യായവിധിയല്ല ലക്ഷ്യം. ന്യായവിധി ന്യായവിധിക്കു വേണ്ടിയല്ല; അത് ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയാണ്. ദൈവത്തിന്റെ നിത്യവാസസ്ഥലമായ പുതിയ യെരൂശലേം ഈ ന്യായവിധിയിൽനിന്നു വരുന്നു. അങ്ങനെ, ഏഴു വിളക്കുകളും, ഏഴു കണ്ണുകളും, ഏഴ് ആത്മാക്കളുമെല്ലാം ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയാണ്. ദൈവത്തിന്റെ ദിവ്യകെട്ടിടമായ അവന്റെ നിത്യലക്ഷ്യത്തിന്റെ സാക്ഷാൽക്കാരത്തിനു വേണ്ടിയാണ് നാം ഇവിടെ ആയിരിക്കുന്നത്.

Wed

## ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയുള്ള ഏഴു കണ്ണുകൾ

സെഖര്യാവ് 3:9 പറയുന്നു, "ഞാൻ യോശുവയുടെ മുമ്പിൽ വച്ചിരിക്കുന്ന കല്ലുണ്ടല്ലോ: ഒരേ കല്ലിന്മേൽ ഏഴു കണ്ണും ഉണ്ട്: ഞാൻ അതിന്റെ കൊത്തുപണി കൊത്തും: ഒരു ദിവസത്തിൽ ഞാൻ ദേശത്തിന്റെ അകൃത്യം പോക്കും എന്ന് സൈന്യങ്ങളുടെ യഹോവയുടെ അരുളപ്പാട്." ഏഴു കണ്ണുകൾ കർത്താവിന്റെ ഏഴു കണ്ണുകൾ മാത്രമല്ല, കല്ലിന്റെ ഏഴു കണ്ണുകളും ആണെന്ന് ഈ വാക്യം വെളിപ്പെടുത്തുന്നു. ഈ കല്ല് ദൈവത്തിന്റെ ജനത്തിന്റെ അകൃത്യത്തിനുവേണ്ടി ഒരു ദിവസത്തിൽ കൊത്തുപണി ചെയ്യുതാണ്. നമ്മുടെ വീണ്ടെടുപ്പിനുവേണ്ടി ക്രൂശിന്മേൽ ദൈവത്തിന്റെ നീതിയാൽ കൈകാര്യം ചെയ്യപ്പെടുന്നതായിരുന്നു കല്ലിലെ കൊത്തുപണി. വീണ്ടെടുക്കുന്ന കുഞ്ഞാടായ ക്രിസ്തു ഏഴു കണ്ണുകളുള്ള കല്ലും ആണ്. ഈ ഏഴു കണ്ണുകൾ ദൈവത്തിന്റെ കെട്ടുപണിക്കുവേണ്ടിയുള്ള ഏഴു വിളക്കുകളാണ്. നാം വെളിപ്പാട് പുസ്തകത്തിലേക്കു വരുമ്പോൾ, ഏഴു വിളക്കുകൾ വീണ്ടെടുപ്പുകാരന്റെ ഏഴു കണ്ണുകളാണെന്നും, വീണ്ടെടുപ്പുകാരന്റെ ഏഴു കണ്ണുകൾ ദൈവത്തിന്റെ കെട്ടുപണിക്കുവേണ്ടിയുള്ള ദൈവത്തിന്റെ ഏഴ് ആത്മാക്കളാണെന്നും നാം വളരെ വ്യക്തമായി കാണുന്നു.

വെളിപ്പാട് പുസ്തകമനുസരിച്ച്, കർത്താവായ യേശുവിന് ജ്വലിക്കുന്ന ഏഴു കണ്ണുകളുണ്ട്. ഈ കണ്ണുകൾ ആരായുന്നതിനും, ന്യായംവിധിക്കുന്നതിനും, ശുദ്ധിചെയ്യുന്നതിനും, പ്രകാശിപ്പിക്കുന്നതിനും വേണ്ടിയാണെങ്കിലും, അവ ആത്യന്തികമായി അവന്റെ സാരാംശത്തെ, അവന്റെ ദിവ്യമൂലകത്തെ, നമ്മിലേക്കു നിവേശിപ്പിക്കുന്നതിനു വേണ്ടിയാണ്. കർത്താവിന്റെ ദിവ്യസാംരാംശത്തെ എങ്ങനെ നമ്മുടെ ആളത്തത്തിലേക്ക് പണിതുചേർക്കുവാൻ കഴിയും? അവന്റെ ഏഴു കണ്ണുകളുടെ നിവേശിപ്പിക്കലിനാൽ. നാം ക്രിസ്തുവിന്റെ ജ്വലിക്കുന്ന കണ്ണുകളാൽ ആരായപ്പെടുകയും, ശുചീകരിക്കപ്പെടുകയും, നിർമ്മലീകരിക്കപ്പെടുകയും, ശുദ്ധമാക്കപ്പെടുകയും, ന്യായംവിധിക്കപ്പെടുകയും ചെയ്യുമ്പോഴെല്ലാം നാം അവനിൽനിന്നും ചിലത് നേടുന്നു. നമ്മുടെ ചില മൂലകം നിർമ്മലീകരിക്കപ്പെടുന്നുവെന്നു മാത്രമല്ല, അവന്റെ ചില മൂലകം നമ്മിലേക്ക് നിവേശിക്കപ്പെടുകയും ചെയ്യുന്നു. സ്വാഭാവിക കാര്യങ്ങൾ ശുചീകരിക്കപ്പെടുകയും, ദിവ്യ കാര്യങ്ങൾ നമ്മിലേക്ക് നിവേശിക്കപ്പെടുകയും ചെയ്യുന്നു. ഈ പ്രക്രിയയിലൂടെ കർത്താവു നമ്മെ ഒരുമിച്ചു പണിയുകയും ദൈവത്തിന്റെ കെട്ടുപണി നിർവഹിക്കുകയും ചെയ്യുന്നു. വെളിപ്പാട് പുസ്തകം മുഖ്യമായും ആരായുന്നതിനും ന്യായംവിധിക്കുന്നതിനും വേണ്ടിയല്ല; അത് ഈ പുസ്തകത്തിന്റെ ആത്യന്തികഫലമായ പുതിയ യെരൂശലേം

ഉളവാക്കുന്നതിനും കെട്ടുപണി ചെയ്യുന്നതിനും വേണ്ടിയാണ്. ക്രിസ്തുവിന്റെ ഏഴു കണ്ണുകളുടെ നിവേശിപ്പിക്കലിന്റെ ഫലമായി പുതിയ യെരൂശലേം പണിയപ്പെടും. ക്രിസ്തുവിന്റെ ഏഴു കണ്ണുകൾ ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ജനത്തെ നോക്കുകയും, അവരെ പ്രകാശിപ്പിക്കുകയും, ആരായുകയും, ന്യായംവിധിക്കുകയും, നിർമ്മലീകരിക്കുകയും, ശുദ്ധമാക്കുകയും, ആത്യന്തികമായി അവരെ അവനായിരിക്കുന്നതിനെക്കൊണ്ട് നിവേശിപ്പിക്കുകയും ചെയ്യുന്നു. അവന്റെ സാരാംശത്തെക്കൊണ്ട് നമ്മെ നിവേശിപ്പിക്കുന്നതിലൂടെ അവൻ നമ്മെ അവനെപ്പോലെ യാക്കുന്നു, അങ്ങനെ ചെയ്യുന്നതിലൂടെ, സ്വാഭാവികമായിരിക്കുന്ന തിൽനിന്നും നാം അവനെപ്പോലെ ആയിരിക്കുന്നതിലേക്ക് അവൻ രൂപാന്തരപ്പെടുത്തുന്നു. അപ്പോൾ നാം പുതിയ യെരൂശലേമിന്റെ കെട്ടുപണിക്കുവേണ്ടിയുള്ള രൂപാന്തരപ്പെട്ട സാമഗ്രിയായിത്തീ രുന്നു. ദൈവത്തിന്റെയും കുഞ്ഞാടിന്റെയും ഏഴ് ആത്മാക്കളായ ഏഴു കണ്ണുകൾ തികച്ചും ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയാ ണെന്ന് നാം എല്ലാവരും കാണണം.

## ആത്മാവ് ക്രിസ്തുവിന്റെ കണ്ണുകളാകുന്നു

ഏഴ് ആത്മാക്കൾ പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാ വായതിനാൽ, അവർ ക്രിസ്തുവിൽനിന്നും വേർപെട്ടവരല്ല. ഉപദേശമനുസരിച്ച്, ആത്മാവും ക്രിസ്തുവും വ്യതിരിക്തരായ രണ്ടു വ്യക്തികളാണ്; എന്നാൽ അനുഭവമനുസരിച്ച്, അവർ ഒന്നാണ്. ഒരു വ്യക്തിയും അവന്റെ കണ്ണുകളും ഒന്നായിരിക്കുന്നതുപോലെ, ക്രിസ്തുവും ആത്മാവും ഒന്നാണ്. ഒരാൾ നിങ്ങളെ നോക്കുമ്പോൾ അവൻ തന്റെ കണ്ണുകൾകൊണ്ട് നിങ്ങളെ നോക്കുകയും, അവന്റെ കണ്ണുകൾ നിങ്ങളെ നോക്കുമ്പോൾ അവൻ നിങ്ങളെ നോക്കുകയും ചെയ്യുന്നു. കണ്ണുകൾ വ്യക്തിയിൽനിന്നും വേർപെട്ടതാണെന്നു പറയുന്നത് വിഡ്ഢിത്തമാണ്. നമ്മുടെ അനുഭവത്തിൽ, ആത്മാവ് ക്രിസ്തുവിന്റെ കണ്ണുകളാണ്. ഇതിനെക്കുറിച്ച് തർക്കിക്കുവാൻ ശ്രമിക്കുന്നവർ മാനസികോപദേശങ്ങൾ പിടിച്ചുകൊള്ളുന്ന വരായിരിക്കാം, അവർക്ക് അനുഭവം ഇല്ല. അവരുടെ എല്ലാ ഉപദേശങ്ങളെയും അനുഭവത്തിലേക്കു വയ്ക്കുമെങ്കിൽ, ക്രിസ്തുവിനെ ആത്മാവിൽനിന്നും വേർപിരിക്കുന്നത് തെറ്റാണെന്ന് അവർ കണ്ടെത്തും. ത്രിയേകദൈവം ഉപദേശപരമായ ഒരു രീതിയിൽ അനുഭവമാക്കപ്പെടുന്നില്ല. അവനെ നിർവചിക്കുവാനോ വിശദീകരിക്കുവാനോ ചിലർ ഉദ്യമിക്കുന്നുണ്ടാകാം, എന്നാൽ നാം ത്രിയേകദൈവത്തെ അനുഭവമാക്കുമ്പോൾ പുത്രൻ പിതാവിന്റെ ദേഹരൂപമാണെന്നും, ആത്മാവ് പുത്രന്റെ ആവിഷ്കാരമാണെന്നും നാം മനസ്സിലാക്കുന്നു. അവർ ഒന്നാണ്. പിതാവ് പുത്രനിൽ ദേഹരൂപമെടുക്കുകയും, പുത്രൻ ആത്മാവായി

സാക്ഷാൽക്കരിക്കപ്പെടുകയും ആവിഷ്കരിക്കപ്പെടുകയും അനുഭവമാക്കപ്പെടുകയും ചെയ്യുന്നു.

## ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി ത്രിയേകദൈവത്തെ അനുഭവമാക്കുന്നത്

ത്രിയേകദൈവം ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയാണ്. ദൈവത്തിന് കെട്ടിടം ഉണ്ടായിരിക്കണമെങ്കിൽ, ത്രിയേകദൈവം നമ്മിലേക്കു പകരപ്പെടണം. ഇത് വെളിപ്പാട് പുസ്തകത്തിൽ പൂർണ്ണമായി വെളിപ്പെടുത്തിയിരിക്കുന്നു. വേദപുസ്തകത്തിലെ നിയന്ത്രിക്കുന്ന വീക്ഷണം ദൈവത്തിന്റെ കെട്ടിടമാണ്. നിങ്ങൾ ദൈവത്തിന്റെ കെട്ടിടത്തെ കണ്ടിട്ടില്ലെങ്കിൽ, വേദപുസ്തകത്തെ ശരിയാംവണ്ണം മനസ്സിലാക്കുക പ്രയാസമായിരിക്കും. മുഴുവൻ വേദപുസ്തകവും ദൈവത്തിന്റെ കെട്ടുപണിയുമായി ബന്ധപ്പെട്ടിരിക്കുകയും, ത്രിയേകദൈവം നമ്മിലേക്കു പകരപ്പെടുന്നതിലൂടെ ദൈവത്തിന്റെ കെട്ടുപണി നിർവഹിക്കപ്പെടുകയും ചെയ്യുന്നു. നാം വെളിപ്പാട് പുസ്തകത്തിലേക്കു വരുമ്പോൾ ഈ വീക്ഷണത്തെ പിടിച്ചുകൊള്ളണം. നാം അങ്ങനെ ചെയ്യുന്നുവെങ്കിൽ, ഈ പുസ്തകത്തെ മനസ്സിലാക്കുവാൻ നമുക്കു കഴിയുകയും, ഇത് ന്യായവിധിയുടെ പുസ്തകമല്ല, ദൈവത്തിന്റെ കെട്ടിടത്തിന്റെ പുസ്തകമാണെന്നു കാണുവാൻ കഴിയുകയും ചെയ്യും.

## തന്റെ കെട്ടിടത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ ന്യായവിധി

ദൈവത്തിന്റെ കെട്ടുപണിയുടെ നിർവഹണത്തിന് അവന്റെ ന്യായവിധി ആവശ്യമാകുന്നു. ദൈവത്തിന്റെ ന്യായവിധി നമ്മെ എരിക്കുവാനും, പ്രകാശിപ്പിക്കുവാനും, ആരായുവാനും, നിർമ്മലീകരിക്കുവാനും, ശുദ്ധമാക്കുവാനുമായി ജ്വലിക്കുന്ന ഏഴ് കണ്ണുകളുള്ളവനായ ക്രിസ്തുവിനാൽ നിർവഹിക്കപ്പെടുന്നു. ആത്യന്തികമായി, ജ്വലിക്കുന്ന ഈ ഏഴു കണ്ണുകൾ ചയാപചയമായി നമ്മെ അവന്റെ ആളത്തമായി രൂപാന്തരപ്പെടുത്തിക്കൊണ്ട് അവനായിരിക്കുന്ന സകലത്തെയുംകൊണ്ട് നമ്മെ നിവേശിപ്പിക്കുന്നു. പുതിയ യെരൂശലേം എന്ന മുഴുവൻ നഗരത്തിനും ദൈവത്തിനെന്നപോലെ അതേ സാരാംശവും കാഴ്ചയും ഉണ്ടായിരിക്കും. നിരവധി തവണ ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, നാലാം അധ്യായത്തിലെ സിംഹാസനത്തിൽ ഇരിക്കുന്ന ദൈവം കാഴ്ചയ്ക്ക് സൂര്യകാന്തം പോലെയാണ് (4:3); ഇരുപത്തൊന്നാം അധ്യായത്തിൽ, പുതിയ യെരൂശലേമിന്റെ, പ്രത്യേകിച്ചും അതിന്റെ മതിലും, കാഴ്ചയ്ക്ക് സൂര്യകാന്തം പോലെയാണ് (21:11, 18-19). അങ്ങനെ, ദൈവത്തിന്റെയും നഗരത്തിന്റെയും സാരാംശവും കാഴ്ചയും ഒന്നുപോലെയാണ്. ഇതെങ്ങനെ സാധിക്കും? ദൈവത്തെത്തന്നെ നമ്മിലേക്കു പണിതുചേർക്കുന്നതിലൂടെ മാത്രം. ദൈവത്തിന്റെ

സാരാംശം നിവേശിപ്പിക്കലിലൂടെ നമ്മിലേക്കു പണിതുചേർക്കപ്പെടുന്നു.

ഏഴ് ആത്മാക്കളായ ഏഴു കണ്ണുകളെ അവഗണിക്കരുത്. വെളിപ്പാട് ഒരു ആത്മാവിന്റെ പുസ്തകമല്ല; അത് ക്രിസ്തുവിന്റെ ഏഴു കണ്ണുകളായ ഏഴ് ആത്മാക്കളുടെ പുസ്തകമാണ്, അതിനാൽ വീണ്ടെടുക്കുകയും ജയിക്കുകയും പണിയുകയും ചെയ്യുന്ന ക്രിസ്തു അവനെത്തന്നെ അവന്റെ അവയവങ്ങളിലേക്ക് നിവേശിപ്പിക്കുന്നു. അവൻ അവനെത്തന്നെ നമ്മിലേക്ക് നിവേശിപ്പിക്കുമ്പോൾ അവൻ നമ്മെ ആരായുകയും, പ്രകാശിപ്പിക്കുകയും, ന്യായംവിധിക്കുകയും, നിർമ്മലീകരിക്കുകയും, ശുദ്ധമാക്കുകയും ചെയ്യുന്നു. ഈ രീതിയിൽ അവൻ നമ്മെ രൂപാന്തരപ്പെടുത്തുന്നു. നാം ഈ ദർശനം എത്രമാത്രം കാണേണ്ടതുണ്ട്! ഇതാണ് ഇന്ന് കർത്താവിന്റെ പ്രത്യുദ്ധാരം.

## വേദപുസ്തകത്തിലെ നിയന്ത്രക ദർശനം

വേദപുസ്തകത്തെ മെച്ചപ്പെടുത്തുവാൻ കഴിയുകയില്ലെങ്കിലും വേദപുസ്തകത്തിലെ സത്യം പുരോഗമനപരവും, വേദപുസ്തകത്തിലെ ദിവ്യസത്യങ്ങളുടെ പ്രത്യുദ്ധാരം അധികം പുരോഗമനപരവും ആണ്. നാനൂറു വർഷങ്ങൾക്കുമുമ്പ് ദൈവത്തിന്റെ വചനത്തിലെ വളരെ കുറച്ചു സത്യങ്ങളേ പ്രത്യുദ്ധരിക്കപ്പെട്ടിരുന്നുള്ളൂ, എന്നാൽ ഇന്ന് അങ്ങനെയല്ല. സത്യങ്ങളുടെ പ്രത്യുദ്ധാരം ഇരുപതു വർഷങ്ങൾക്കു മുമ്പുണ്ടായിരുന്നതിനെക്കാൾ ഇപ്പോൾ വളരെ സമ്പന്നമാണ്. വേദപുസ്തകം മാറുന്നുവെന്നോ നാം വേദപുസ്തകത്തെ മാറ്റുന്നുവെന്നോ ഇതിനർഥമില്ല, കാരണം അതു ചെയ്യുവാൻ ആർക്കും അവകാശമില്ല. ഇത് അർഥമാക്കുന്നത് കർത്താവ് തന്റെ സത്യങ്ങളുടെ പ്രത്യുദ്ധാരത്തിൽ നീങ്ങിക്കൊണ്ടിരിക്കുന്നു എന്നാണ്.

വേദപുസ്തകത്തിലെ സത്യങ്ങളെ ദൈവം പ്രത്യുദ്ധരിക്കുന്നത് തികച്ചും അവന്റെ കെട്ടിടത്തിനു വേണ്ടിയാണ്. ആദ്യമായി ഞാൻ എതിർക്കപ്പെട്ട വർഷം, ദൈവത്തിന്റെ കെട്ടിടത്തെകുറിച്ച് ശുശ്രൂഷിക്കുവാൻ ഞാൻ ആദ്യമായി ഭാരപ്പെട്ടിരുന്ന വർഷമായ 1958 ആയിരുന്നു. അതായിരുന്നു സകല എതിർപ്പിനും വിമർശനത്തിനുമുള്ള കാരണം. എങ്കിലും, ഞാൻ ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി മാത്രം കരുതുന്നു. പ്രത്യുദ്ധാരത്തെ കർത്താവ് സമർഥിച്ചതിനായി ഞാൻ അവനെ സ്തുതിക്കുന്നു. മനുഷ്യന്റെ വാക്കിന് യാതൊരു അർഥവുമില്ല; ദൈവം പറയുന്നതു മാത്രമേ എണ്ണപ്പെടുന്നുള്ളൂ. അവൻ തന്റെ കെട്ടിടത്തിനു വേണ്ടിയാണെന്ന് ദൈവം പറഞ്ഞിരിക്കുന്നു. മുഴുവൻ വേദപുസ്തകവും ഇതിനുവേണ്ടിയാണ്. ആരംഭത്തിൽത്തന്നെ, ഉല്പത്തി പുസ്തകത്തിൽ, നമുക്ക് ജീവവൃക്ഷവും, പൊന്നും, ഗുൽഗുലുവും (മുത്ത്), വിലയേറിയ കല്ലുകളും ഉളവാക്കുന്ന ഒഴുകുന്ന നദി

ഉണ്ട് (ഉല്പ. 2:9-12). വേദപുസ്തകത്തിന്റെ അവസാനം, വെളിപ്പാടിൽ, നമുക്ക് ഈ വിലയേറിയ വസ്തുക്കൾകൊണ്ട്—പൊന്നും, മുത്തും, വിലയേറിയ കല്ലുകളുംകൊണ്ട്—പണിയപ്പെട്ട ഒരു നഗരം ഉണ്ട് (വെളി. 21). ഇക്കാരണത്താൽ, മുഴുവൻ വേദപുസ്തകവും തന്റെ തിരഞ്ഞെടുക്കപ്പെട്ടവരിലേക്ക് ജീവനായി അവനെത്തന്നെ പകരുന്നതിലൂടെ അവന്റെ നിത്യ വാസസ്ഥലം നേടുക എന്ന ദൈവത്തിന്റെ നിത്യോദ്ദേശ്യത്തിനു വേണ്ടിയാണ്. ഇതാണ് നിയന്ത്രിക്കുന്ന ദർശനം.

## ദൈവത്തിന്റെ ആഗ്രഹം

നമുക്ക് മറ്റെന്തെങ്കിലും വീക്ഷണമുണ്ടെങ്കിൽ, അതിന്റെ അർത്ഥം നാം ഹ്രസ്വദൃഷ്ടിയുള്ളവരാകുന്നു എന്നാണ്. ദൈവം വിശുദ്ധിയെയോ ആത്മികതയെയോ അന്വേഷിക്കുന്നില്ല. അവൻ കെട്ടിടം അന്വേഷിക്കുന്നു. നമ്മുടെ ആത്മികത ദൈവത്തിന്റെ കെട്ടുപണിയാൽ, അതായത്, സഭാജീവിതത്താൽ, പരിശോധിക്കപ്പെടണമെന്ന് 1958-ൽ ഞാൻ പറഞ്ഞു. ദൈവം നമ്മുടെ ആത്മികതയെ ശ്രദ്ധിക്കുന്നില്ല എന്നു ഞാൻ പറഞ്ഞപ്പോൾ, "കേൾക്കൂ! സഹോദരൻ ലീ പറയുന്നു ദൈവം ആത്മികതയെ ശ്രദ്ധിക്കുന്നില്ലെന്ന്. ഇതു വചനവിരുദ്ധമല്ലേ?" എന്നു പറഞ്ഞുകൊണ്ട് എതിർക്കുന്നവർ ഈ വാചകത്തെ സന്ദർഭത്തിൽനിന്നും അടർത്തിയെടുത്ത് എന്നെ കുറ്റംവിധിച്ചു. അതിന്റെ സന്ദർഭത്തിൽ ഈ പ്രസ്താവനയെ നിങ്ങൾ വയ്ക്കുമെങ്കിൽ, അതു വചനവിരുദ്ധമേയല്ല. ദൈവം നമ്മുടെ ആത്മികതയെ ശ്രദ്ധിക്കുന്നില്ല; അവൻ ശ്രദ്ധിക്കുന്നത് നാം അവന്റെ സഭയിലേക്ക് എത്രമാത്രം പണിതുചേർക്കപ്പെട്ടിരിക്കുന്നു എന്നാണ്. വ്യക്തിപ്രാധാന്യമുള്ള ആത്മികത അപകടകരമാണ്. സഭയിലെ വ്യക്തിപ്രാധാന്യമുള്ള ഏതൊരു അവയവവും ക്രിസ്തുവിന്റെ ശരീരത്തിൽ ഒരു അർബുദമാണ്. നിങ്ങൾ ആത്മികനോ വിശുദ്ധനോ ആകുന്നു എന്നു നിങ്ങൾ പറയുമായിരിക്കാം; എന്നാൽ നിങ്ങളുടെ ആത്മികതയും വിശുദ്ധിയും സഭാജീവിതത്താൽ പരിശോധിക്കപ്പെടേണ്ടതാണ്. ഒരുപക്ഷേ, നിങ്ങളുടെ വിശുദ്ധി വ്യക്തിപ്രാധാന്യമുള്ളതാണ്. അങ്ങനെയാണെങ്കിൽ, അത് ആരോഗ്യപരമല്ല, കാരണം യഥാർഥ വിശുദ്ധി ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയാണ്.

വ്യക്തിപ്രാധാന്യമുള്ള ആത്മിക വ്യക്തികളുടെ കൂട്ടത്തെ ദൈവം ആഗ്രഹിക്കുന്നില്ല; അവന് കെട്ടിടമാണ് ആവശ്യം. പ്രദർശനത്തിനുവേണ്ടിയുള്ള വിലയേറിയ കല്ലുകളുടെ ഒരു കൂമ്പാരം അവൻ ആഗ്രഹിക്കുന്നില്ല. തീർച്ചയായും ദൈവത്തിന് വ്യക്തികളെ ആവശ്യമാണ്, എന്നാൽ കെട്ടിടത്തിനുവേണ്ടിയുള്ള സാമഗ്രികളായിട്ടാണ് അവരെ ആവശ്യമുള്ളത്. വ്യതിരിക്തമായ കല്ലുകളെല്ലാം കെട്ടിടത്തിലേക്കു വയ്ക്കപ്പെടണം. ഇത് വെറുമൊരു ഉപദേശമല്ല, ഗൗരവമുള്ള ഒരു വസ്തുതയാണ്. നിങ്ങൾ ദൈവത്തിന്റെ

കെട്ടിടത്തിലേക്ക് പണിതുചേർക്കപ്പെട്ടിട്ടുണ്ടോ? അതൊ രക്ഷിക്കപ്പെട്ടവനും, ദൈവത്തെ ഭയപ്പെടുന്നവനും, കർത്താവിനെ സ്നേഹിക്കുന്നവനും, പ്രാർഥിക്കുന്നവനും, എന്നാൽ "സഭയെക്കുറിച്ച് ഞാൻ ശ്രദ്ധിക്കുന്നില്ല" എന്നു പറയുന്നവനാണോ? "സഭയെക്കുറിച്ച് ഇത്രമാത്രം പറയുന്നത് നല്ലതല്ല; കർത്താവുമായി ഒറ്റയ്ക്ക് ഇരിക്കുന്നതും വേദപുസ്തകം വായിക്കുന്നതുമാണ് നല്ലത്" എന്നു നിങ്ങൾ പറയുന്നുണ്ടോ? ഇത് നിങ്ങൾ ആസ്വദിക്കുന്നുണ്ടാവാം, എന്നാൽ നിങ്ങൾ ഇത് ഇഷ്ടപ്പെടുന്നതുപോലെ, ദൈവത്തിന് ഇഷ്ടപ്പെടണമെന്നില്ല. നിങ്ങൾ നിങ്ങളെത്തന്നെ നഷ്ടപ്പെടുത്തുവാൻ ദൈവം ആഗ്രഹിക്കുന്നു. ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയുള്ള ഒരു വിലയേറിയ കല്ലായി നിങ്ങൾ രൂപാന്തരപ്പെടേണ്ടതിന് നിങ്ങൾ പ്രകാശിപ്പിക്കപ്പെടുകയും, ആരായപ്പെടുകയും, നിർമ്മലീകരിക്കപ്പെടുകയും, ശുദ്ധമാക്കപ്പെടുകയും, എന്നിട്ട് അവനായിരിക്കുന്ന സകലത്തെയുംകൊണ്ട് നിവേശിക്കപ്പെടുകയും വേണം. ഇതാണ് ദൈവത്തിന്റെ ഇന്നത്തെ ആഗ്രഹം.

എന്തുകൊണ്ടാണ് മിസ്രയീമിൽനിന്ന് ദൈവം യിസ്രായേല്യരെ വിളിച്ചത്? അത് ഭൂമിയിൽ അവന്റെ വാസസ്ഥലത്തിന്റെ കെട്ടുപണിക്കു വേണ്ടിയായിരുന്നു. ഒടുവിൽ, ഭൂമിയിലുള്ള ദൈവത്തിന്റെ വാസസ്ഥലമായ കൂടാരം യിസ്രായേൽജനത്തിന്റെ കേന്ദ്രമായിത്തീർന്നു. കൂടാരവുമായുള്ള ബന്ധത്തിൽ അവർ തെറ്റിയപ്പോഴപ്പോഴെല്ലാം അവർ തങ്ങളുടെ സകല യുദ്ധങ്ങളിലും തോറ്റു. എന്നാൽ കൂടാരവുമായുള്ള ബന്ധത്തിൽ ശരിയായിരുന്നപ്പോഴെല്ലാം, അവർ ജയിക്കുന്നവരായിരുന്നു. യിസ്രായേല്യർ നല്ലദേശത്തു പ്രവേശിച്ചതിനുശേഷം, ദൈവത്തിന്റെ ജനമെന്ന നിലയിൽ അവരുടെ കേന്ദ്രമായി ആലയം പണിതു. അവർ ആലയത്തോടുള്ള ബന്ധത്തിൽ ശരിയായിരുന്നപ്പോൾ ദൈവവുമായി ശരിയായിരിക്കുകയും, അവർ ആലയത്തോടുള്ള ബന്ധത്തിൽ തെറ്റായിരുന്നപ്പോൾ അവർ ദൈവത്തോടു തെറ്റായിരിക്കുകയും ചെയ്തു. ഇതാണ് പഴയനിയമത്തിന്റെ ഒരു ചെറിയ സംക്ഷേപം. പുതിയനിയമത്തിൽ നമുക്കെന്താണുള്ളത്? നമുക്ക് ഇന്നു സഭയും ഭാവിയിൽ പുതിയ യെരൂശലേമും ഉണ്ട്. അതുകൊണ്ട്, മുഴുവൻ വേദപുസ്തകത്തിന്റെയും ഒരു ചെറിയ സംക്ഷേപം ദൈവത്തിന്റെ കെട്ടിടമാണ്.

## തീവ്രമാക്കപ്പെട്ട നിവേശിപ്പിക്കലിനായുള്ള ആവശ്യം

**ഈ യുഗത്തിന്റെ ഇരുട്ടും അധഃപതനവും നിമിത്തം നമ്മെ പ്രകാശിപ്പിക്കുവാനായി ഏഴിരട്ടി തീവ്രതപ്രാപിച്ച ആത്മാവായി അവനെത്തന്നെ പ്രയോഗിക്കുവാൻ ദൈവം നിർബന്ധിതനായിരുന്നു. ആരായുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്ന ഏഴ് ആത്മാക്കൾ നമുക്കാവശ്യമാണ്. ഒരുപക്ഷേ വർഷങ്ങളായി നിങ്ങൾ ഉപദേശങ്ങളെ മുറുകെപ്പിടിച്ചിരിക്കുന്നുണ്ടാകാം. അവ നിങ്ങൾക്ക്**

എന്ത് ഗുണം ചെയ്യു. അധഃപതിച്ച പ്രത്യുദ്ധരിക്കപ്പെട്ട സഭയ്ക്ക് ധാരാളം ഉപദേശമുണ്ട്, എന്നാൽ അവരെക്കുറിച്ച് കർത്താവ് എന്താണു പറഞ്ഞത്? അവർ ശീതവാന്മാരോ ഉഷ്ണവാന്മാരോ അല്ല, ശീതോഷ്ണവാന്മാരാണെന്നും, അതുകൊണ്ട് അവന്റെ വായിൽനിന്ന് ഉമിണ്ണുകളയുവാൻ യോഗ്യതയുള്ളവരാകുന്നു എന്നുമാണ് (3:16). ഇതാണ് ലവൊദിക്യയിലുള്ള സഭയുടെ അവസ്ഥ.

അവന്റെ കെട്ടിടത്തെ സംബന്ധിച്ച വെളിച്ചം ഇന്ന് എന്നത്തേക്കാളും ശോഭയുള്ളതായതിനാൽ കർത്താവിന് നാം സ്തോത്രം ചെയ്യുന്നു. വെളിച്ചം നമ്മുടെമേൽ പ്രകാശിക്കുന്നു. ഇത് ചില ചെറിയ കാര്യങ്ങളിൽ വ്യക്തിപ്രാധാന്യമുള്ള ജയാളിയായിരിക്കുന്ന കാര്യമല്ല, പിന്നെയോ ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി വലിയ കാര്യങ്ങളിൽ ജയാളിയായിരിക്കുന്ന കാര്യമാണ്. വെളിപ്പാടിൽ ജയിക്കുന്നതിന്റെ അർഥം അനേകം ക്രിസ്ത്യാനികളും മനസ്സിലാക്കുന്നില്ല. ഈ പുസ്തകത്തിൽ ജയിക്കുക എന്നാൽ അധഃപതിച്ച ക്രിസ്തുമതത്തെ ജയിക്കുക എന്നാണ്. ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടി സഭയെന്നു വിളിക്കപ്പെടുന്നതിന്റെ അധഃപതിച്ച അവസ്ഥയെ നാം ജയിക്കണം. വെളിപ്പാട് പുസ്തകം വീണ്ടും വീണ്ടും നാം വായിച്ചാൽ അതിന്റെ നിയന്ത്രിക്കുന്ന വീക്ഷണം ദൈവത്തിന്റെ കെട്ടിടമാണെന്നു നാം കാണും. ഇതിനെ നമ്മുടെ മുമ്പിൽ നാം വയ്ക്കണം. സകലവും ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയാണ്. ഒന്നാം അധ്യായത്തിലെ ക്രിസ്തുവിന്റെ വെളിപ്പാട് കെട്ടിടത്തിനു വേണ്ടിയാണ്; രണ്ടും മൂന്നും അധ്യായങ്ങളിലുള്ള ഏഴു സഭകൾക്കുള്ള ലേഖനങ്ങൾ ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയാണ്; അഞ്ചാം അധ്യായത്തിലെ ക്രിസ്തുവിന്റെ ആരോഹണത്തിനു ശേഷമുള്ള സ്വർഗത്തിലെ ദൃശ്യവും സിംഹ-കുഞ്ഞാടായ ക്രിസ്തുവിന്റെ ദർശനവും ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയാണ്. ഏഴു വിളക്കുകളും ദൈവത്തിന്റെ ഏഴ് ആത്മാക്കളുമായ ഏഴു കണ്ണുകൾ ക്രിസ്തുവിന് ഉണ്ടായിരിക്കുന്നത് നാം വ്യക്തിപ്രാധാന്യമുള്ള വിശുദ്ധന്മാരായിരിക്കുന്നതിനു വേണ്ടിയല്ല, അത് തികച്ചും ദൈവത്തിന്റെ കെട്ടിടത്തിനു വേണ്ടിയാണ്. കർത്താവു നമ്മോട് കരുണ കാണിക്കട്ടെ. ഈ യുഗത്തിൽ, നാം ഒരു ഇരുണ്ട രാത്രിയിലാണ്, നമ്മെ പ്രകാശിപ്പിക്കുന്നതിനും, ആരായുന്നതിനും, ശുചീകരിക്കുന്നതിനും, ശുദ്ധമാക്കുന്നതിനും ജ്വലിക്കുന്ന ഏഴു ദീപങ്ങളായ തീവ്രമാക്കപ്പെട്ട ഏഴ് ആത്മാക്കൾ നമുക്കാവശ്യമാണ്. ആത്യന്തികമായി, നമുക്കാവശ്യമായിരിക്കുന്നത് കർത്താവിന്റെ തീവ്രമാക്കപ്പെട്ട നിവേശിപ്പിക്കലാണ്. നാം ദൈവത്തിന്റെ കെട്ടിടത്തിനുവേണ്ടിയുള്ള രൂപാന്തരപ്പെട്ട കല്ലുകളായിത്തീരത്തക്കവണ്ണം അവനായിരിക്കുന്ന സകലത്തെയുംകൊണ്ട് നാം നിവേശിപ്പിക്കപ്പെടണം.